(ഡി) ഈ ഒഴിവുകൾ നികത്തുന്നതിലേക്കായി സർവ്വകലാശാല അപേക്ഷ ക്ഷണിക്കുകയും ഐ. എം. ജി. യെ പരീക്ഷ നടത്തിപ്പിന്റെ ചുമതല ഏൽപ്പിക്കുകയും, ഐ. എം. ജി. ഈ പരീക്ഷകളുടെ ഫലം യൂണിവേഴ്സിറ്റിയെ ഏൽപ്പിക്കുകയും, അതിൽമേൽ മേൽനടപടികൾ എടുത്തു വരികയുമാണ്.

(ഇ) ഇല്ല.

(എഫ് & ജി) എഴുത്ത് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടിക്കാഴ്ചയ്ക്കുശേഷമേ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കഴിയുകയുള്ളൂ.

(എച്ച്) എഴുത്ത് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. കൂടിക്കാഴ്ചയുടെ തീയതിയും മറ്റും യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്.

(ഐ) 80 പേർക്ക് നിയമനം ലഭിക്കും.

ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റിയിലെ താല്ക്കാലിക ജീവനക്കാർ

66 (3707) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലടി ശ്രീ ശങ്കരചാര്യ സംസ്കൃത യൂണിവേഴ്സിറ്റിയിൽ കഴിഞ്ഞ ഒൻപതു വർഷത്തോളമായി ജോലി ചെയ്തു വരുന്ന ജീവനക്കാരെ പിരിച്ചുവിടാൻ യൂണിവേഴ്സിറ്റി നീക്കം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ 1992 മുതൽ യൂണിവേഴ്സിറ്റിയിൽ പണി എടുക്കുന്ന ജീവനക്കാരെ പിരിച്ചുവിടാനുള്ള യൂണിവേഴ്സിറ്റിയുടെ നിലപാട് പുനഃപരിശോധിക്കുന്നതിനും പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കാൻ സർക്കാർ യൂണിവേഴ്സിറ്റിയെ ഉപദേശിക്കുമോ ?

ഉത്തരം

(എ & ബി) സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥയനുസരിച്ച് യൂണിവേഴ്സിറ്റിയിലാണ് നിയമനം നടത്തുന്നതിനുള്ള അധികാരം നിക്ഷിപ്തമായിട്ടുള്ളത്. സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥയ്ക്കനുസൃതമല്ലാതെ നടത്തിയ നിയമനങ്ങൾ കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് റദ്ദു ചെയ്യപ്പെട്ടിട്ടുള്ളത്. അത്തരം ജീവനക്കാരെ പിരിച്ച്വിട്ട് നിയമാനുസൃതം നിയമനം നടത്താൻ യൂണിവേഴ്സിറ്റി നടപടി എടുത്തു വരുന്നു. ഇക്കാര്യത്തിൽ ഗവൺമെന്റിന് ഇടപെടാൻ നിർവാഹമില്ല.

പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് പ്രൊമോഷൻ

67 (3708) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് പ്രൊമോഷൻ സാദ്ധ്യത വളരെ കുറവാണെന്ന വസ്തുത പരിഹരിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly